## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.657

29/10/2019-ൽ മറുപടിക്ക്

### വൈദ്യുതിബോർഡിന്റെ കിഫ്ബിയിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തി

| | ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിനെ എസ്.പി.വി. ആക്കിക്കൊണ്ട് കിഫ്ബിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഡെവലപ്മെന്റ് ഓഫ് താലൂക്ക് ലെവൽ ഹോസ്പിറ്റൽ ആന്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചിത്തിരപുരം, ഇടുക്കി എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ: | (എ) | ആരോഗ്യവകുപ്പിന്റെ 16.11.2018 -ലെ G.O(Rt) No.3424/2018/H&FWD നമ്പർ ഉത്തരവ് പ്രകാരം ചിത്തിരപുരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണത്തിന് വൈദ്യുതി ബോർഡിനെ എസ്.പി.വി (S.P.V) ആയി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനുള്ള പ്രാഥമിക പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച തിൻ പ്രകാരം 28.05.2019 -ലെ G.O(Rt) No.1280/2019/H&FWD പ്രകാരം ₹55,33,78,145/- (അൻപത്തി അഞ്ച് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി എഴുപത്തെണ്ണായിരത്തി ഒരുനൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) രൂപയുടെ ഭരണാനുമതി ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്നതിനായി പ്രസ്തുത നിർമ്മാണത്തിന്റെ വിശദമായ ഡി.പി.ആർ, ആർക്കിടെക്ചറൽ, സ്ട്രക്ചറൽ ഡിസൈൻ & ഡ്രോയിംഗ്, എസ്റ്റിമേഷൻ എന്നീ ജോലികൾ കെ.എസ്.ഇ.ബി.യിൽ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) | വിശദമായ ഡി.പി.ആർ ആർകിടെക്ചറൽ, സ്ട്രക്ചറൽ, ഡിസൈൻ & ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ പ്രകാരം, ഫണ്ടിനുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി ദർഘാസ് ക്ഷണിച്ച് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ